# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം :-4753

21-10-2011-ൽ മറുപടിക്ക്

## വൈദ്യുതി വകുപ്പിന് കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ. കെ. വിജയൻ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) നാദാപുരം നിയോജക മണ്ഡലത്തിൽ ഏതൊക്കെ സ്ഥാപനങ്ങൾ വൈദ്യുതി വകുപ്പിന് കുടിശ്ശിക വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | നാദാപുരം നിയോജക മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി മാത്രമാണ് വൈദ്യുതി ബോർഡിന് കുടിശ്ശിക വരുത്തിയിട്ടുളളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുളളത്. |
| (ബി) ഇതിൽ കുടിവെള്ളം, ഇറിഗേഷൻ എന്നിവയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കാതിരിക്കാൻ കുടിശ്ശികയിൽ ഇളവോ, അത് അടയ്ക്കുന്നതിൽ സാവകാശമോ നൽകുമോ? | (ബി) | വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക തീർപ്പാക്കുന്നതിന് വേണ്ടി പലിശയിനത്തിൽ 6 ശതമാനം ഇളവ് അനുവദിച്ചുകൊണ്ട് ബോർഡു ത്തരവു നൽകിയിരുന്നു. എന്നാൽ പ്രസ്തുത സ്ഥാപനം ഈ ഇളവ് അംഗീകരിക്കുന്നതിനും അതുവഴി കുടിശ്ശിക തീർപ്പാക്കുന്നതിനും തയ്യാറായിട്ടില്ല.<br><br>പൊതുജനങ്ങൾക്കുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ മനസ്സിലാക്കി കുടിവെള്ള വിതരണത്തിനുള്ള വൈദ്യുതി കണക്ഷൻ വിഛേദിക്കാതിരിക്കാൻ വൈദ്യുതി ബോർഡ് പരമാവധി ശ്രമിക്കുന്നുണ്ട്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. എങ്കിലും കുടിവെള്ള പദ്ധതികളുടെ കുടിശ്ശിക തീർപ്പാക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് പരമാവധി സാവകാശം അനുവദിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ